# ജി വി എച്ച് എസ് എസ്
# ചാത്തന്നൂർ



little KITEs

# Digi Tales

## മാഗസിൻ 2024

# Govt. Vocational Higher secondary & Higher secondary School

Chathannoor, Kollam . Phone: 0474 2593644,2590101














# സന്ദേശം



ചിന്തകൾ എപ്പോഴും ആശയങ്ങളുടെ പ്രകാശമാണ് നമ്മിലേക്ക് പകരുന്നത്. നമ്മുടെ കുട്ടികളുടെ ചിന്തകളെ പരിപോഷിപ്പിക്കാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങളുടെ പരിശ്രമമായ 'Digi Tales' ' അഭിനന്ദനീയമാണ്. നന്മകളുടെ അക്ഷരവസന്തം നമ്മുടെ കുട്ടികളിൽ നിറയ്ക്കാൻ 'DigiTales' പ്രചോദനമാകട്ടെ... എല്ലാവിധ ആശംസകളും നേരുന്നു.

**D Pramod Kumar**
**Principal**
**Higher Secondary School**

# സന്ദേശം



വിദ്യാർത്ഥികളുടെ ഉയർച്ചയ്ക്ക് വേണ്ടി അങ്ങേയറ്റം പരിശ്രമിക്കുന്നവരാണ് അധ്യാപകർ. നമ്മുടെ കുട്ടികളുടെ ഭാവനയ്ക്ക് ചിറക് വിരിയുമ്പോൾ അവർക്കൊപ്പം നിന്ന് ആ സർഗ്ഗ ചേതനകളെ പരിപോഷിപ്പിക്കാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ നടത്തിയ പരിശ്രമങ്ങൾ പ്രശംസാ വഹമാണ്. 'Digi Tales' ന് എല്ലാവിധ ഭാവുകങ്ങളും നേരുന്നു.

**S Rakhy**
**Principal**
**Voccational Higher Secondary School**

# സന്ദേശം



വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ വിദ്യാലയവും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയരുന്നു . ഈ അധ്യയനവർഷത്തിലും മികവാർന്ന പ്രവർത്തനങ്ങൾ കാഴ്ചവെക്കുവാൻ നമ്മുടെ വിദ്യാലയത്തിന് സാധിച്ചു. വിവരസാങ്കേതികവിദ്യയുടെ ഗുണഫലങ്ങൾ വിദ്യാലയത്തിലെ മുഴുവൻ കുട്ടികളിലേക്ക് എത്തിക്കാൻ ലിറ്റിൽ കൈറ്റസ് അംഗങ്ങൾക്ക് സാധിക്കട്ടെ. നമ്മുടെ വിദ്യാലയത്തിലെ ലിറ്റിൽ കൈറ്റ്സ് യൂണിറ്റിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കുന്ന DigiTales എന്ന ഡിജിറ്റൽ മാഗസിന് എല്ലാ ഭാവുകങ്ങളും നേരുന്നു.

**L Kamalamma Amma**
**Headmistress**

# എഡിറ്റോറിയൽ

നമ്മുടെ വിദ്യാലയത്തിലെ കുട്ടികളിൽ നിന്ന് ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ശേഖരിച്ച മികവാർന്ന രചനകൾ ആണ് ഈ മാഗസിനിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഇതിലെ ഓരോ താളുകളും മികവുറ്റതാക്കാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിച്ചു. ഓരോ മാസവും സ്കൂളിൽ നടക്കുന്ന പ്രവർത്തനങ്ങൾ സമൂഹത്തിലേക്ക് എത്തിക്കുന്നതിനായി തുടങ്ങിവച്ച യൂട്യൂബ് ചാനലിൽലേക്കുള്ള വീഡിയോ എഡിറ്റിങ്ങും ഈ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾ ആണ് നിർവഹിക്കുന്നത്. GVHSS Chathannoor LITTLE KITEs

## എഡിറ്റർ



ആദിത്യൻ എസ് ടി 9F




എഡിറ്റോറിയൽ ബോർഡ്
Adhithyan S D
9F
Vismaya P
9J
Ananya P Baiju
9I
Revathi Pramod
9G

# ഉള്ളടക്കം


വിദ്യാലയം.......................................................... 9
കാട്ടുപക്ഷി........................................................ 10
അമ്മ ........................................................................10
ജലം............................................................................ 11
പ്രവേശനോത്സവം .......................................12
പൂമരം ........................................................................13
പൂക്കാലം.................................................................. ...13
സൗഹൃദം ...............................................................14
എന്റെ പ്രിയ സുഹൃത്ത് .................................14
മോഹങ്ങൾ.................................................... 15
കാക്കയും അരയന്നവും............................... 15
ഓണാഘോഷം........................................... 16
ദിവ്യ നക്ഷത്രം................................................ 17
എന്റെ വഴികാട്ടി............................................ 18
അനുഭവക്കുറിപ്പ്.............................................. 18
കലോത്സവം........................................................ ..19
ലഹരി വിഭ ലഹരി വിപത്ത്........................... 20
പ്രകൃതിസ്നേഹി.................................................... 21
ജന്തുക്ഷേമം എന്റെ കടമ.............................. 22
ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങളിലൂടെ. 23
Tension................................................................. 25
Frendship........................................................... .25
The Pleasure Of Reading...........................26
വിജ്ഞാന കൗതുകം........................................ 26
Remember.......................................................... 27
ചിത്രരചന.............................................................28
കമ്പ്യൂട്ടർ രംഗത്തെ പ്രധാനികൾ............... 33
മികവ് ......................................................................34
Sports................................................................... 36
വാർഷികം............................................................ 37






# വിദ്യാലയം

അശ്വനി സതീഷ് 7A

മിഴികളിൽ തെളിയുന്ന
വിദ്യയുടെ പൊൻ ദീപം
തെളിയിച്ചു തന്നൊരെൻ
വിദ്യാലയം

ഹൃദയത്തിലറിവിൻറെ
അക്ഷരമുത്തുകൾ
കനിവോടെ തന്നൊരെൻ
വിദ്യാലയം

അമ്മതൻ വാത്സല്യം
അമൃതായി പെയ്യുന്ന
അമ്പിളി കാന്തിയാണെൻറെ
വിദ്യാലയം

ആചാര്യ വാക്കുകൾ
അമൃതായി കടയുന്ന
പാലാഴിയാണെന്റെ
വിദ്യാലയം

സാഹിത്യശാസ്ത്രങ്ങൾ
മണിമാല കോർക്കും
അനുപമമാണെന്റെ
വിദ്യാലയം

കാരുണ്യപാഠങ്ങൾ
ആത്മാവിലിറ്റിച്ച
കാരുണ്യവാരിധിയെന്റെ
വിദ്യാലയം

നല്ല വാക്കോതുവാൻ
നന്മയുണർത്തുവാൻ
നല്ലമ്മയാണന്റെ
വിദ്യാലയം

ജീവിതയാത്രയിലെങ്ങോട്ട്
പോയാലും
അക്ഷരനക്ഷത്രമെൻറെ
വിദ്യാലയം

# കാട്ടുപക്ഷി

ആദിത്യൻ എസ് വി 7A

ഒരു പാട്ടു പിന്നെയും
പാടവേ തൻ കൊച്ചു
ചിറകിന്റെ നോവ്
മറന്നുപോകെ
ഇനിയും പറക്കില്ല
എന്നതോർക്കാതെയാ
വിരമാനം ഉള്ളാൽ
ഉണർന്നുകൊണ്ടേ
വെട്ടിയ കുറ്റിമേൽ
ചാഞ്ഞിരുന്നാർദ്രമായി
ഒറ്റചിറകിന്റെ താളമോടെ
ഒരു പാട്ട് വീണ്ടും
തെളിഞ്ഞു പാടുന്നിതാ
ചിറകൊടിഞ്ഞുള്ളോരി
കാട്ടുപക്ഷി



# അമ്മ

രവിസവങ്കർ 6D

ഒന്നിച്ചിരിക്കാൻ തോന്നും മെപ്പോഴും
അമ്മതൻ കാരുണ്യമേകാൻ
അക്ഷരങ്ങൾ ചിന്തകൾ സംഗീതവും
നിറയുന്ന മനസ്സാണ് അമ്മയുടെത്
അമ്മതൻ മാറിൽ തലചായ്ച്ചിടാൻ
ഏറെ കൊതിച്ചിട്ടും മക്കൾ നമ്മൾ
അമ്മതൻ സ്നേഹമേ സത്യം
ഒരു നിലവിളക്ക് പോലെ
തെളിയുന്ന ദീപമാണ് അമ്മ
പകരം വയ്ക്കാൻ ഇല്ലാത്ത പദമാണ്
അമ്മ






കൃഷ്ണേന്ദു 7A

കുടിക്കുവാൻ വേണം ജലം
കുളിക്കുവാൻ വേണം ജലം
നമുക്കലക്കുവാൻ വേണം ജലം
അഴുക്കു പോവാൻ വേണം ജലം
ജലക്ഷാമം ഇന്നു നാടാകെ രൂക്ഷം
ജനക്ഷേമമതിനാലത്രയോ കഷ്ടം
അരുതരുത് ദുരുപയോഗമരുതതിനാൽ
അരുതരുത് ജലദുരുപയോഗമരുത്
ജലമമൂല്യമാണ് അത് അറിയുക ജനതേ
ജലമമൂല്യമാണ് അത് കരുതുക ജനതേ
ജലമമൂല്യമാണത്
മലിനമാക്കരുത് മാനവ
അത് മലിനമാക്കരുത് മാനവ
അത് മലിനമാക്കരുത് മാനവ



# പ്രവേശനോത്സവം 2023
















# സൗഹൃദം

ജീവിത വഴിത്താരയിൽ സന്തോഷ
സന്താപങ്ങൾ പങ്കുവെച്ചീടുവാനായി
ഈശ്വരൻ നൽകിയ വരദാനമല്ലോ
ജീവിതത്തിൽ ഞാൻ നേടിയെടുത്ത
എൻ സമ്പാദ്യമല്ലോയെൻ ചങ്ങാതിമാർ
നിത്യവിഷാദങ്ങൾ ചൊല്ലുമ്പോൾ
ആശ്വാസമേകാനായി അരികിലണഞ്ഞും
തിന്മയിൻ പാതയിൽ ഞാൻ
ചലിച്ചിടുമ്പോൾ
അരുതേ എന്ന പിന്തിരിപ്പിക്കുന്നതും
ആപത് ഘട്ടങ്ങളിൽ എൻ കരം പിടിച്ച്
സാരമില്ലായെന്നോതുന്നതും എൻ
ചങ്ങാതിയെല്ലോ

സ്നേഹവചസ്സുകൾ കൊണ്ടെൻ മുഖത്തെ
സന്തോഷപൂരിതമാക്കുന്നതും
എൻ നൊമ്പരങ്ങളിൽ കണ്ണീരൊപ്പി
സാന്ത്വനിപ്പിക്കുന്നതും ചങ്ങാതിമാർ
സൗഹൃദം എന്ന മൂന്നക്ഷരത്തിൽ
അർത്ഥതലങ്ങൾ ഗ്രഹിച്ചിടുക
അറിയുക സൗഹൃദബന്ധത്തിൻ മാഹാത്മ്യം
പളുങ്കുപാത്രമാം സൗഹൃദത്തെ
വീണുടയാതെ കാത്തുസൂക്ഷിച്ചീടുക
എന്നൊന്നും നറുമണം തൂകിടും
അവർ നിൻ ജീവിത വഴിത്താരയിൽ

ദേവിക ബി എസ് 7E



# എന്റെ പ്രിയ സുഹൃത്ത്

നവനീത എ എസ് 9F

ഓർക്കുക
നീ കരഞ്ഞാൽ മുറിപ്പെടുന്നത് എൻറെ
ഹൃദയമാണ്
നിൻറെ ഓരോ കണ്ണുനീർത്തുള്ളിയും
മുള്ളായി കുത്തുന്നത് എൻറെ
നെഞ്ചിലാണ്
നിൻറെ വാക്കുകളാണ് എന്നും എൻറെ
ധൈര്യം
നീ ഇല്ലാതാകുമ്പോൾ നഷ്ടമാകുന്നത്
എന്നെതന്നെയാണ്
ഞാൻ നീയാണ് നീ ഞാനും
കൂടെ പിറക്കാതെ തന്നെ എൻറെ
കൂടപ്പിറപ്പായ
നീ തന്നെയാണ് എൻറെ ഏറ്റവും വലിയ
ശക്തി



## മോഹങ്ങൾ


ഇഷാൻ കൃഷ്ണ ജെ എസ്  10 D

കടലിൽ നീലിമ കണ്ടു ഞാനൊരു
കടലായി തീരാൻ മോഹം
തുള്ളി അലിഞ്ഞു വരുന്ന ഒരു കടലിൽ
ഉള്ളിലിരിക്കാൻ മോഹം
കടലിൻ മുത്തായി തീരാൻ മോഹം
പവിഴപ്പുറ്റുകൾ വാരിയെടുത്തെൻ
കരയിൽ പാറ്റാൻ മോഹം
ആകാശത്തിൽ നീലിമ കണ്ടു
വിണ്ണീയി തീരാൻ മോഹം
പറവകളെപ്പോൽ പാറിവരുന്നോരു
വെൺമേഘത്തെപ്പോലെ
ചിറകുകൾ വീശി ഒളിയാലങ്ങനെ
പാറി നടക്കാൻ മോഹം
എൻ മോഹങ്ങൾ സഫലമതാകിൽ
പുണ്യത നേടും ജന്മം

## കാക്കയും അരയന്നവും

പവിത്ര പി എൽ .6B

**പ**ണ്ട് ഒരിടത്ത് കരിക്കട്ടപോലെ കറുമ്പനായ ഒരു കാക്ക ജീവിച്ചിരിപ്പുണ്ടായിരുന്നു. കാക്കയ്ക്ക് തന്റെ കൂടിനടുത്തുള്ള തടാകത്തിൽ താമസിക്കുന്ന അരയന്നത്തോട് വലിയ അസൂയയായിരുന്നു. കാരണമെന്തെന്നോ , അരയന്നത്തിന് പാല് പോലെ വെള്ളം നിറവും തൂവലുകൾ കണ്ടാൽ മഞ്ഞിൽ പൊതിഞ്ഞ പോലെ മനോഹരവുമായിരുന്നു. ഒരു ദിവസം കാക്ക അരയന്നത്തെ പോലെ വെള്ളം നിറം കിട്ടാൻ ഒരു സൂത്രം കണ്ടെത്തി . അരയന്നത്തെ പോലെ തടാകത്തിൽ താമസിച്ചാൽ തനിക്കും വെളുത്ത സുന്ദരൻ ആകാമെന്ന് ആ മണ്ടൻ കാക്ക വിശ്വസിച്ചു . അന്നുതന്നെ കാക്ക തടാകത്തിൽ ചെന്ന് ദിവസം മുഴുവൻ കുളിക്കുകയും അരയന്നത്തെപ്പോലെ തടാകത്തിലെ ചെടികളെ ആഹാരം ആക്കുവാനും തുടങ്ങി. എത്ര കുളിച്ചിട്ടും കാക്കയുടെ കറുത്ത നിറം മാറിയില്ല . മാത്രമല്ല തടാകത്തിലെ ചെടികൾ മാത്രം ആഹാരമാക്കിയത് കൊണ്ട് ദിവസങ്ങൾ കഴിയുന്തോറും കാക്ക ക്ഷീണിച്ച് അവശനായി തീർന്നു.  അങ്ങനെ ഒരു ദിവസം കാക്ക ചത്തുപോയി.



# ഓണാഘോഷം













# ദിവ്യ നക്ഷത്രം


പാർവതി നായർ D U 6E

ഒരിടത്ത് ഒരു ഗ്രാമത്തിൽ ജാനു എന്ന് പേരുള്ള മിടുക്കി ആയ ഒരു പെൺകുട്ടി ഉണ്ടായിരുന്നു. എന്നും രാത്രി ആകാശത്തേക്ക് നോക്കി നക്ഷത്രങ്ങളെ എണ്ണുന്നതായിരുന്നു അവളുടെ വിനോദം . ഒരു ക്രിസ്മസ് രാവിൽ ദിവ്യ നക്ഷത്രത്തെ കാണാനുള്ള അതിയായ ആഗ്രഹത്താൽ അവൾ ആകാശത്തേക്ക് നോക്കി. നൂറ്, നൂറ്റിഒന്ന് എന്നിങ്ങനെ എണ്ണുകയായിരുന്നു . അങ്ങനെ എണ്ണുന്നതിനിടയിൽ അവൾ അന്യഗ്രഹജീവികളുടെ ഒരു വാഹനം കാണാൻ ഇടയായി . ആ വാഹനം അവളുടെ അടുത്തേക്ക് വരുന്നത് പോലെ തോന്നി. അതിൽ കയറിയാൽ നക്ഷത്രങ്ങളെ നേരിൽ കാണാം എന്ന് അവൾ വിചാരിച്ചു . അവൾ ഒരു കുറ്റിച്ചെടിയും മറവിൽ ഒളിച്ചുനിന്ന ശേഷം അവൾ ആരും കാണാതെ അവരുടെ വാഹനത്തിൽ കയറി. പക്ഷേ എങ്ങനെയോ അന്യഗ്രഹ ജീവികളിൽ ഒരാൾ കാണാൻ ഇടയായി. "പേടിക്കേണ്ട ഞാൻ നിന്നെ ഒന്നും ചെയ്യില്ല .എൻറെ ചേട്ടൻ നിന്നെ കാണരുത് ." കുറച്ചുകഴിഞ്ഞ് നിർഭാഗ്യമെന്ന് പറയട്ടെ ചേട്ടൻ അവളെ കാണാൻ ഇടയായി. "നീ എങ്ങനെ ഇവിടെ എത്തി? ഈ നിമിഷം ഞാൻ നിന്നെ പുറത്തോട്ടറിയും ".ചേട്ടൻ അവളെ വാഹനത്തിൽ നിന്ന് പുറത്തോട്ട് എറിഞ്ഞു. പക്ഷേ അവൾ എത്തിച്ചേർന്നത് വേറെ ഒരു ലോകത്താണ് ഞാനിത് എവിടെയാണ് ? അവൾ നടന്നു തുടങ്ങി .അത്ഭുതം! ഒരു മാലാഖ പ്രത്യക്ഷപ്പെട്ടു. "നീ ആരാണ്? എന്തിനാണ് ഇങ്ങോട്ട് വന്നത് ?" "എൻറെ പേര് ജാനു .ഞാൻ നക്ഷത്രങ്ങളെ കാണാൻ വന്നതാണ് ." ഞാനും നടന്നതെല്ലാം പറഞ്ഞു. മാലാഖ ചിരിച്ചുകൊണ്ട് പറഞ്ഞു "വിഷമിക്കേണ്ട. ഇത് നക്ഷത്രങ്ങളുടെ ലോകമാണ്. ഞാൻ നക്ഷത്രങ്ങളുടെ ദേവതയും. നക്ഷത്രങ്ങളെ അത്രയ്ക്ക് ഇഷ്ടമാണെങ്കിൽ ഇപ്പോൾ ഞാൻ ഒരു ദിവ്യ നക്ഷത്രത്തെ കാട്ടിത്തരാം, കണ്ണുകൾ മുറുകെ അടക്ക." അല്പം നിമിഷം കഴിഞ്ഞ് ജാനു കണ്ണുകൾ തുറന്നപ്പോൾ അതാ അത്ഭുതം പ്രഭയോട് കൂടിയ ഒരു നക്ഷത്രം! ജാനുവിന്റെ മുന്നിൽ നിൽക്കുന്നു .സന്തോഷം കൊണ്ട് ഞാൻ തുള്ളിച്ചാടി .അവളുടെ സന്തോഷത്തിന് അതിരുകൾ ഇല്ലായിരുന്നു .









# എന്റെ വഴികാട്ടി

ഗീതിക ബി അശോക് 6 B

**എ**ൻറെ മനസ്സിൽ പതിഞ്ഞ ഒരു ചിത്രത്തിലെ വഴികാട്ടിയാണ് അധ്യാപകൻ. അറിവിന്റെ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ചത് എൻറെ അധ്യാപകനാണ് .അങ്കണവാടിയിൽ ഞാൻ ആദ്യമായി ചെന്നപ്പോൾ എന്നെ ചേർത്തുപിടിച്ചത് ടീച്ചറാണ് . എൻറെ കുസൃതിക്ക് കൂട്ടുനിന്നതും എൻറെ ടീച്ചറാണ്. ഓരോ വാക്കിലും പ്രവൃത്തിയിലും വഴികാട്ടിത്തന്നതും എൻറെ ടീച്ചറാണ് . എൻറെ കൂട്ടുകാരെ നോക്കി പകച്ചു നിന്നപ്പോൾ അവരുടെ കൂടെ കളിക്കാനും പഠിക്കാനും പ്രേരിപ്പിക്കുന്നത് എൻറെ ടീച്ചർ ആയിരുന്നു . എൻറെ ടീച്ചറിന്റെ പേര് വിജിത ടീച്ചർ എന്നായിരുന്നു. ഒരിക്കലും മറക്കാനാവില്ല ആമുഖം. വഴികാട്ടിയാണെങ്കിലും സൗഹൃദത്തിലെ പോലെയാണ് എൻറെ വിജിത ടീച്ചർ . ഭക്ഷണം കഴിക്കുന്നതിനുമുമ്പ് ദൈവത്തെ ഓർക്കണം എന്ന് പഠിപ്പിച്ചത് എന്റെ വിജിത ടീച്ചറാണ് . നല്ല കാര്യങ്ങളും ചീത്ത കാര്യങ്ങൾ തിരിച്ചറിയാൻ പഠിപ്പിച്ചതും എൻറെ ടീച്ചർ അമ്മയാണ് . ഒരു ടീച്ചറിനെ പോലെയല്ല ഒരു അമ്മയെപ്പോലെയായിരുന്നു ടീച്ചറമ്മ. എന്തു മറന്നാലും എൻറെ ടീച്ചറെ ഞാൻ മറക്കില്ല കാരണം അത്ര ഇഷ്ടമായിരുന്നു എനിക്ക് എൻറെ ടീച്ചർ. ടീച്ചർക്ക് എൻറെ ഒരു ഉമ്മ



# അനുഭവക്കുറിപ്പ്

അഞ്ജലി ബിനു 9A

**കൂ**ട്ടുകാരെ ഞാൻ ആദ്യമായി എട്ടാം ക്ലാസിൽ പഠിക്കുമ്പോഴാണ് ലിറ്റിൽ കൈറ്റ്സിൽ ചേരുന്നത്. ഞാൻ പരീക്ഷ എഴുതിയാണ് ചേർന്നത്. രണ്ട് അധ്യാപകരിലൂടെയാണ് ലിറ്റിൽ കൈറ്റ്സ്ക്ലാസ് ആരംഭിച്ചത്. ശ്രീജ ടീച്ചറും അബുൽ സാറും മൂന്നുവർഷമാണ് ലിറ്റിൽ കൈറ്റ് കാലാവധി. ക്ലാസിൽ ചേർന്നപ്പോൾ ഒരുപാട് കാര്യങ്ങൾ ചെയ്യാനും പഠിക്കാനും പറ്റി. ഏറ്റവും ഇഷ്ടപ്പെട്ട ക്ലാസ് മലയാളം ടൈപ്പിംഗ് ആണ് .കൂടെ പ്രോജക്ട് വർക്കുകൾ അതുപോലെ എൽഇഡി ബൾബ് കത്തിക്കുന്നത് ഇങ്ങനെയുള്ള ഒരുപാട് കാര്യങ്ങൾ എനിക്ക് പഠിക്കാൻ പറ്റി. ഞാൻ ഇതിൽ ചേർന്നപ്പോൾ എൻറെ അമ്മ പറഞ്ഞു നിനക്ക് ഇത് പറ്റില്ല, ഒരുപാട് വർക്ക് ചെയ്യാൻ കാണും, അതുകൊണ്ട് നീ ഇതിലൊന്നും പോകണ്ട എന്നു പറഞ്ഞു. ആദ്യം അങ്ങനെ തോന്നി. പിന്നെ പിന്നെ ക്ലാസ് കയറാൻ തുടങ്ങിയപ്പോഴേക്കും അതെല്ലാം മാറി. ഞാൻ സന്തോഷത്തോടെ എല്ലാ ക്ലാസുകളിലും പങ്കെടുക്കുന്നുണ്ട് .ഇടയ്ക്ക് വെച്ച് പനിയും തലകറക്കവും വന്നപ്പോഴും ഞാൻ ക്ലാസിൽ കൃത്യമായി പങ്കെടുത്തു. ലിറ്റിൽ കൈറ്റ് ക്ലാസുകൾ ചേർന്നപ്പോൾ എനിക്ക് ഒത്തിരി കൂട്ടുകാരെ കിട്ടി. എനിക്ക് ചില സമയങ്ങളിൽ ചില വർക്കുകൾ ചെയ്യുമ്പോൾ ദേഷ്യം വരും. കാരണം ചിലതൊന്നും ചെയ്യുമ്പോൾ ശരിയാവില്ല. എന്നെ വർക്ക് ഡയറി എഴുതാൻ സഹായിക്കുന്നത് അനാമികയാണ് .അവളും ഞാനും ഒരുമിച്ചാണ് ഇരിക്കുന്നത് . അവൾക്ക് അറിയാവുന്ന കാര്യങ്ങൾ എനിക്ക് പറഞ്ഞുതരുന്നതും എന്നെ സഹായിക്കുന്നതും അവളാണ് . അങ്ങനെ രണ്ടാം വർഷ മാഗസിൻ തയ്യാറാക്കൽ എത്തിച്ചേർന്നിരിക്കുന്നു. ഞങ്ങളുടെ അവസാന വർഷമാണ് ഇനി വരുന്നത് .ചിലപ്പോൾ പത്തിൽ ക്ലാസ് കാണില്ല. വളരെയധികം സന്തോഷം എനിക്കുണ്ട് .എനിക്ക് ചേരാൻ പറ്റി. ഇനി ലിറ്റിൽ കൈറ്റ്സ് ക്ലാസുകൾക്ക് മേൽനോട്ടം വഹിച്ച ശ്രീജ ടീച്ചറിനോടും അബൽ സാറിനോടും പ്രത്യേക നന്ദി അറിയിക്കുന്നു.

# ലഹരി എന്ന വിപത്ത്




പവൻ സന്തോഷ് 7F

നമ്മുടെ ചുറ്റുപാടും ലഹരി പല രൂപത്തിലും ഭാവത്തിലും ഉണ്ട് . അത് യുവതലമുറയാണ് ലക്ഷ്യമാക്കുന്നത്. ചുരുക്കിപ്പറഞ്ഞാൽ ലഹരി എന്നാൽ ഒരു കൊലയാളിയാണ് . സ്വന്തം മക്കളും ഭർത്താവും ലഹരിയാൽ മരിക്കുമ്പോളും അടിമയാകുമ്പോഴും ഉയിര് പൊട്ടി കരയുന്ന അമ്മമാർ നമ്മുടെ സമൂഹത്തിലുണ്ട്. ഇവരുടെ കണ്ണീരിന്റെ ഉത്തരവാദി ലഹരിയാണ് . അത് മാത്രമല്ല നമ്മുടെ കേരളം പോലും ലഹരിയുടെ നാടാവുകയാണ് . നമ്മുടെ സമൂഹം ലഹരിക്ക് അടിമയാവുകയാണ് .ആദ്യമേ ലഹരി ഉപയോഗിക്കുന്നത് എന്താണെന്ന് അറിയാൻ വേണ്ടിയോ ആരെങ്കിലും പറഞ്ഞിട്ടോ ആവാം, പിന്നെ അതുമായി കൂടുതൽ അടുക്കുകയും അതില്ലാതേ ജീവിക്കാൻ പറ്റാതിരിക്കുകയും അതിൻറെ അടിമയാവുകയും ഒടുവിൽ മരണം വരിക്കുകയും ചെയ്യും. ഒരുവട്ടം ലഹരി ഉപയോഗിച്ചാൽ പിന്നെ അതിൽ നിന്ന് നമുക്ക് മോചനം കിട്ടുകയില്ല. അതിനാൽ അതുമായിട്ട് കൂടുതൽ അടുക്കാത്തതാണ് നമുക്ക് കൂടുതൽ നല്ലത് . ലഹരി വേണമെന്ന് ആഗ്രഹം ,അത് ഉപയോഗിക്കാതെ ജീവിക്കാൻ പറ്റില്ല ,ഇതെല്ലാം ഒരു അസുഖമാണ്. ലഹരിയുടെയും ലഹരി കുട്ടികൾക്കും മുതിർന്നവർക്കും നൽകുന്നത് ആൾക്കാരുടെ വിചാരവും ലക്ഷ്യവും ഇതാണ് . നമ്മെ ലഹരിക്കും മയക്കുമരുന്നിനും അടിമയാക്കണം. മറ്റുള്ളവരിൽ ലഹരി എത്തിക്കുന്നവരെ നമ്മളൊന്ന് ശ്രമിച്ചാൽ പിടിക്കാൻ സാധിക്കും . നമ്മൾ ശ്രമിച്ചാൽ നമ്മുടെ നാടിനെ ലഹരി വിമുക്തമാക്കാൻ സാധിക്കും.










# പ്രകൃതി സ്നേഹി

നമസ്യ s 8D

ഞാൻ എന്നത്തേയും പോലെ തന്നെ രാവിലെ എഴുന്നേറ്റ് മുറ്റത്തേക്ക് ആണ് ഓടിയത് . എൻറെ സ്വന്തം റോസ മൊട്ടുകൾ വിരിഞ്ഞോ എന്നറിയാനും നെല്ലിമരവും ജമന്തി പൂക്കളും മറ്റു വസന്തങ്ങളും ഉണർന്നോ എന്നറിയാനും. ഹാ എന്ത് ഭംഗി എൻറെ വീടിൻറെ മുറ്റം കാണാൻ ഇനിയും പൂക്കളും മരങ്ങളും ഉണ്ടായിരുന്നെങ്കിൽ ഇതിനേക്കാൾ സുന്ദരമായിരുന്നേനെ . അകത്തുനിന്ന് അമ്മ എന്നെ വിളിക്കുന്നുണ്ട് ഞാൻ അകത്തേക്ക് ചെല്ലട്ടെ പൂക്കളെ സ്കൂളിൽ പോകാൻ സമയമായി. "അപ്പു വരൂ നമുക്ക് സ്കൂളിൽ പോകാൻ തയ്യാറാവണം" എന്നത്തേയും പോലെ തന്നെ സ്കൂളിലേക്ക് ഉള്ള വഴിയിൽ ഞാൻ കാണാറുള്ള മരങ്ങളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു ."അമ്മേ ഇവിടെയുള്ള മരങ്ങളെല്ലാം എന്തിയെ ? ഇത് കുറച്ചല്ലേ ഉള്ളൂ ?" അമ്മ എന്നോട് ദേഷ്യത്തോട് കൂടി പറഞ്ഞു "ഒന്ന് വേഗം നടക്കു . സ്കൂളിൽ ബെൽ അടിച്ചു കാണും. തിരിച്ചു വരുമ്പോൾ നമുക്ക് ഇതൊക്കെ പറയാം". ഞാൻ അങ്ങനെ മിണ്ടാതെ നടന്നു സ്കൂളിലെത്തി. അവിടെ എത്തിയപ്പോഴാണ് ഇന്നത്തെ ദിവസത്തിൻറെ പ്രത്യേകത അറിഞ്ഞത് .ഇന്ന് ജൂൺ 5 പരിസ്ഥിതി ദിനമാണ് കുറെ അധികം കുട്ടികൾ കയ്യിൽ പോസ്റ്ററുകളും പ്ലക്കാർഡുകളുമായി അസംബ്ലിയിൽ അങ്ങനെ നിറഞ്ഞുനിൽക്കുന്നു. 'മരങ്ങൾ വെട്ടി നശിപ്പിക്കരുത് ' 'പ്ലാസ്റ്റിക് വലിച്ചെറിയരുത് ' അങ്ങനെ കുറച്ച് അധികം അതെല്ലാം കഴിഞ്ഞ് ക്ലാസ് തുടങ്ങി. ക്ലാസിൽ ടീച്ചർ ഞങ്ങളോട് പറഞ്ഞു വീട്ടിൽ മരം വെച്ചുപിടിപ്പിക്കണം എന്നും ഒരു മരം വെട്ടിയാൽ 10 തൈ നടണം എന്നുമെല്ലാം പറഞ്ഞു. വൈകുന്നേരം ആയപ്പോൾ എല്ലാവർക്കും ഓരോ തൈവീതം കിട്ടി. എനിക്കൊരു പേര തൈയാണ് കിട്ടിയത് . അപ്പോഴേക്കും അമ്മ എന്നെ വിളിക്കാനായി വന്നു .അമ്മയുമായി വീട്ടിലേക്ക് തിരിച്ചു പോകുന്ന വഴിയാണ് ആ കാഴ്ച കാണുന്നത് .ഒരു മരം വെട്ടുകാരൻ മരം വെട്ടുന്നു .ഞാൻ ആ മാമനെ കുറച്ചുനേരം നോക്കി നിന്നു .പിന്നീട് അമ്മ എന്നോട് ചോദിച്ചു "അപ്പു എന്തിനാണ് ഇങ്ങനെ നോക്കിനിൽക്കുന്നത് ?നടക്കു." അമ്മയോട് ഞാൻ പറഞ്ഞു "അമ്മെ ഞാൻ ആ മാമനോട് ഒരു കാര്യം പറഞ്ഞോട്ടെ?"അമ്മ പറഞ്ഞു "വേഗം പോയിട്ട് വരണം." അങ്ങനെ ഞാൻ മാമന്റെ അടുത്ത് പോയി. "മാമൻ ആണോ ഈ മരങ്ങളൊക്കെ വെട്ടുന്നത് ? ഇന്നത്തെ ദിവസത്തിന്റെ പ്രത്യേകത അറിയുമോ? എന്ന് പരിസ്ഥിതി ദിനമാണ്. ഈ ദിവസമെങ്കിലും നിങ്ങൾക്ക് മരങ്ങൾ മുറിക്കാതിരുന്നു കൂടെ? ഒരു മരം മുറിക്കുമ്പോൾ 10 തൈകൾ നടണമെന്ന് എന്റെ ടീച്ചർ പറഞ്ഞിട്ടുണ്ട്. അതുപോലെ ചെയ്തുകൂടെ നിങ്ങൾക്ക് ?അതാവുമ്പോൾ പരിസ്ഥിതിക്ക് കുഴപ്പവും ഇല്ലല്ലോ ."ഞാൻ ഈ കാര്യം പറയുമ്പോൾ എന്റെ അമ്മയുടെ മുഖം സന്തോഷം കൊണ്ട് നിറയുന്നത് ഞാൻ കണ്ടു. എൻറെ വാക്കുകൾ ആ മാമൻ അനുസരിക്കുമെന്ന് കരുതുന്നു.

# ജന്തുക്ഷേമം എന്റെ കടമ

അനുരൂപ് പി എസ് 8 G

ഭൂമി എല്ലാവർക്കും അവകാശപ്പെട്ടതാണ്. എല്ലാ ജീവജാലങ്ങൾക്കും ജീവിക്കാൻ തുല്യ അവകാശമാണ് ഉള്ളത് . എല്ലാ രാജ്യങ്ങളിലും ജന്തുക്കൾക്ക് അഥവാ മൃഗങ്ങൾക്ക് വേണ്ടിയുള്ള പരിരക്ഷയും നിയമനിർമ്മാണവും നടപ്പിലാക്കിയിട്ടുണ്ട്. മൃഗങ്ങളെ സംരക്ഷിക്കുവാനും ബഹുമാനിക്കുവാനും സ്നേഹിക്കുവാനും അത് രാജ്യത്തെയും ഭരണകൂടത്തെയും പൗരന്മാരെയും നിർബന്ധിക്കുന്നു. ഇന്ത്യയിൽ മൃഗസംരക്ഷണ നിയമങ്ങൾ കർശനമായി പാലിക്കുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു .

1890 ബ്രിട്ടീഷുകാർ ദി പ്രിവൻഷൻ ഓഫ് അനിമൽസ് ആക്ട് ഇന്ത്യയിൽ ആദ്യമായി നടപ്പിലാക്കി. എന്നാൽ ഈ നിയമത്തിന്റെ കുറവുകൾ പരിഹരിച്ചുകൊണ്ട് 1960ൽ ഇന്ത്യൻ പാർലമെൻറ് പ്രിവൻഷൻ ഓഫ് ക്രൂവൽ ടു അനിമൽസ് ആക്ട് പാസാക്കുകയും 1960 ഡിസംബർ 26 ഈ നിയമം നിലവിൽ വരികയും ചെയ്തു. മൃഗങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കുക , അതോടൊപ്പം മൃഗങ്ങളിൽ അനാവശ്യ വേദനയും കഷ്ടപ്പാടും തടയുന്നതിന് വേണ്ടിയാണ്. ഈ നിയമത്തിൽ മൃഗങ്ങളെ സംരക്ഷിക്കുന്നവരുടെ കർത്തവ്യം വ്യക്തമായി പറയുന്നുണ്ട് . മൃഗത്തിൻറെ ചുമതലയുള്ള വ്യക്തി മൃഗത്തിന്റെ ക്ഷേമ കാര്യത്തിൽ ശ്രദ്ധ വേണം. യാതൊരു വിധത്തിലും മൃഗങ്ങളെ കഷ്ടപ്പെടുത്തുകയോ വേദനിപ്പിക്കുകയോ ചെയ്യരുത് . കൃത്യസമയത്ത് ഭക്ഷണം കൊടുക്കുകയും മൃഗങ്ങളെ ആരോഗ്യത്തോടെ ജീവിക്കാൻ അനുവദിക്കുകയും വേണം. ഏതെങ്കിലും ഒരു വ്യക്തി മൃഗത്തെ അടിക്കുകയോ മുറിവേൽപ്പിക്കുകയോ ചെയ്താൽ ആ വ്യക്തി നിയമത്തിന്റെ മുന്നിൽ ശിക്ഷ അർഹിക്കുന്നു. ആരോഗ്യത്തോടെ ജീവിക്കാനുള്ള അവകാശം, ശുദ്ധമായ അന്തരീക്ഷവും ലഭിക്കാനുള്ള അവകാശം , ഇവയെന്നും മനുഷ്യന്റെ മാത്രമുള്ളതല്ല മൃഗങ്ങൾക്കും ഇത്തരം അവകാശങ്ങൾ ഉണ്ടെന്ന് തിരിച്ചറിയുക. മൃഗങ്ങളെ വളർത്തി വരുമാനം കണ്ടെത്തുന്നവരും ഉണ്ട് . ജന്തുക്ഷേമം ഉറപ്പാക്കുന്നതിന് വേണ്ടി മൃഗസംരക്ഷണ വകുപ്പ് വളരെ നൂതന കർമ്മ പദ്ധതികൾ നടപ്പിലാക്കുന്നു. വിദ്യാഭ്യാസ രംഗത്ത് മൃഗചികിത്സയിലൂടെ പ്രൊഫഷണലുകളെ വാർത്തെടുക്കാൻ വേണ്ടി നിരവധി കോളേജുകളും ഗവേഷണ കേന്ദ്രങ്ങളും ഫോമുകളും പ്രവർത്തിക്കുന്നു.

ഇടുക്കിയിലെ മാത്യു ബെന്നിയുടെയും സഹോദരങ്ങളുടെയും അരുമയായ പശുക്കൾ ചത്തു വീണതും കേരളക്കരയുടെ നൊമ്പര കാഴ്ചയായിരുന്നു. അവർക്ക് തുണയായി നിരവധി പ്രമുഖർ എത്തിയതും വലിയ വാർത്തയായിരുന്നു . ഇതിലൂടെ കേരളീയരുടെ ജന്തു സ്നേഹത്തിൻറെ ആഴം മനസ്സിലാക്കാൻ സാധിക്കും.






# Tension

Adithyan S D 9F

The moment you are in TENSION
You will lose your ATTENTION
Then you are in total CONFUSION
And you will feel IRRITATION
This may spoil your personal RELATION
Ultimately you won't get COOLARATION
And get things into COMPLICATION
Then you may raise CAUTION
And you have to take MEDICATION
Why not try to understand the SITUATION
And try to think about the SOLUTION
If there is no other OPTION
Problems can be solved by DISCUSSION
Which bill work out better in your PROFESSION
Don't think this is a free SUGGESTION
It is only for your PREVENTION
If you understand my INTENTION
You will never come in TENSION
This is the CONCLUSION
Of this INTIMATION !!!!!!!





# Friendship

AnamikaA S 9H

Friends are like a gift from God spending time with my friends give me more happiness. In our life we can't forget school life. Laughing with friends are beautiful. With my friends I create so many beautiful and unforgettable memories. Enjoying with my friends are best moment in my life. I can't forgot this priceless moment and I am lucky for having them.

# The Pleasure Of Reading

Sreehari A 8G

According to Ruskin Bond books are the best companions in life. They are dependable. There society makes us happier and wiser. Their company is easy to get however this does a does not apply to all books. Bacon divides books into three groups.He says some books are to be followed and still some to be chewed and others to be digested. Only a fool will there for neglect book in Modern Times. However the visual media have done a lot of harm to books. According to an American magazine and average man spents only three years out of his sixty years of life for reading books. This shows how Limited is our time for this very noble and pleasing activity .We must not waste it on the wrong kind of books.

# വിജ്ഞാന കൗതുകം....

വിസ്മയ പി 9J

**1.മാനത്തുണ്ടൊരു ടെമ്പോ**

അമേരിക്കയിലെ അന്തരീക്ഷവായുവിന്റെ ഗുണനിലവാരം അളക്കാൻ നാസ വിക്ഷേപിച്ച ഉപകരണം ആണ് ടെമ്പോ(TEMPO)

**2. ബഹിരാകാശം ക്ലീൻ ആക്കാൻ**

ബഹിരാകാശ ദൗത്യങ്ങളുടെ എണ്ണം കൂടുന്നത് അനുസരിച്ച് ബഹിരാകാശത്തെ മലിനീകരണവും വർദ്ധിക്കുന്നു. ബഹിരാകാശത്തെ മാലിന്യം നീക്കാനുള്ള പരിഹാരത്തിന് ഒരു മാതൃകയാണ് ക്ലിയർ സ്പേസ് എസ് എ എന്ന സ്വിസ് കമ്പനി വികസിപ്പിച്ച ക്ലിയർ സ്പേസ് _1. റോബോട്ടിക് കൈകൾ കൊണ്ട് ബഹിരാകാശത്തെ മാലിന്യങ്ങൾ പിടിച്ചെടുത്തു ഭൂമിയുടെ അന്തരീക്ഷത്തിലേക്ക്
എത്തിച്ച ചുട്ടു ചാമ്പലാക്കുന്ന ദൗത്യത്തിൽ മാലിന്യത്തിനൊപ്പം ഉപകരണവും നശിക്കും.

**3. ഇങ്ങനെയും ഒരു വണ്ടി**

ഡ്രൈവർ ഇല്ലാതെ സ്വയം ഓടുന്ന കാറുകളെ പറ്റി അറിയാമല്ലോ ഇപ്പോൾ ഇതാ ഒരു പടി കൂടി കടന്ന് സ്റ്റിയറിംഗ്, ഡ്രൈവിംഗ് സീറ്റ് പോലുമില്ലാത്ത വാഹനം നിർമ്മിച്ചിരിക്കുകയാണ് സൂക്സ് എന്ന അമേരിക്കൻ കമ്പനി.

**4. പ്ലാസ്റ്റിക് തിന്നും ബാക്ടീരിയ.**

ഒറ്റത്തവണ ഉപയോഗിച്ച ശേഷം ഉപേക്ഷിക്കുന്ന പ്ലാസ്റ്റിക് ഭൂമിക്ക് വലിയ വിപത്താണ് എന്നാൽ ഇത് അപ്സൈക്കിൾ ചെയ്യാൻ സഹായിക്കുന്ന ബാക്ടീരിയയെ സൃഷ്ടിക്കാൻ 2023 ൽ ശാസ്ത്രജ്ഞർക്ക് കഴിഞ്ഞു. ഈ ബാക്ടീരിയയുടെ സഹായത്തോടെ ബഹിരാകാശത്ത് ഇന്ധനവും ഭക്ഷണവും ഒക്കെ നിർമ്മിക്കാനുള്ള മാർഗം തുറന്നു കിട്ടുമെന്നാണ് പ്രതീക്ഷ.

# REMEMBER


Anantharaman S

Once upon a time there was a king who was famous on war .whenever he went to war an elephant was always seen with him. This elephant was powerfully fearless and loyal. Whenever people appreciated the king's skill, the king would give equal credit to the elephant .But now things have completely changed and elephant become old so now it cannot a participate in any war and now most of the time the elephant spent in the forest. The king visit this elephant time to time. One day elephant while walking through the forest, he went to a nearby pond to drink water. But there was a swamp on the way to the Pond. But the elephant did not seen it.

The elephant walked forward and unknowingly lost it footing and fell on the edge of the swamp. The more he tried to escape the more he is sank. So the elephant started chirping loudly and the elephant's chirping reached throughout the forest. The king arrived there with his best soldiers. They tried as hard as they could. But could not get the Elephant out. At the time Buddha passed through it. The king asked the Buddha for help and then after realizing the elephant's plight, Buddha told to the king to bring his best soldiers and sound of the trumpets. The same trumpet they sounded when They went to war with that elephant. Hearing this sound the elephant thinked that he was going to the war and came out of the swamp with all its strength. Often when we get tired of trying to achieve something, we forget why we started and how hard you work to get here. Similarly you should have the thought why I started all this.

When you feel like quitting,
Remember why you started,
Remember your struggles........!!!!!!!





# ചിത്രരചന


















































DATE
PAGE
KBP
Nuha I
V C



























# കമ്പ്യൂട്ടർ രംഗത്തെ പ്രധാനികൾ

ഹന്ന റിയാസ് 9J

1. ചാൾസ് ബാബേജ്



1837 ൽ അനലിറ്റിക്കൽ എൻജിൻ എന്ന ആദ്യകാലത്തെ കമ്പ്യൂട്ടർ രൂപപ്പെടുത്തിയ ബ്രിട്ടീഷ് ഗണിതശാസ്ത്രജ്ഞൻ.



2. അലൻ ട്യൂറിംഗ്

1936 ൽ ട്യൂറിങ് മെഷീൻ എന്ന കമ്പ്യൂട്ടറിൻറെ രൂപരേഖ ഉണ്ടാക്കിയ ബ്രിട്ടീഷ് ഗണിതജ്ഞൻ. ആധുനിക കമ്പ്യൂട്ടർ സയൻസിന്റെ പിതാവ് എന്ന വിശേഷണവും ഉണ്ട്.

3. അഡ ലൗലേസ്



ആദ്യത്തെ കമ്പ്യൂട്ടർ പ്രോഗ്രാമർ ആയി അറിയപ്പെടുന്ന ബ്രിട്ടീഷ് ഗണിതശാസ്ത്രജ്ഞൻ. കമ്പ്യൂട്ടർ രംഗത്ത് നിർണായക സംഭാവനകൾ നൽകി

4. ബിൽ ഗേറ്റ്സ്.



മ
ൈക്രോസോഫ്റ്റ് എന്ന കമ്പനിയുടെ സഹസ്ഥാപകനായ അമേരിക്കൻ കമ്പ്യൂട്ടർ വിദഗ്ധൻ .പേഴ്സണൽ കമ്പ്യൂട്ടർ സോഫ്റ്റ്‌വെയർ രംഗത്തെ അതികായകൻ.

5.ടിം ബർണേഴ്സ്ലി



വേൾഡ് വൈഡ് വെബ് എന്ന സംവിധാനം രൂപപ്പെടുത്തിയ അമേരിക്കൻ കമ്പ്യൂട്ടർ ഗവേഷകൻ. വെബ്സൈറ്റുകൾ പ്രവർത്തിക്കുന്നത് ഇതിലാണ്.






അക്ഷരങ്ങൾ നന്മകളായി വിരിയുമ്പോൾ പുതിയ വസന്തം നിറക്കാൻ മനസുകൾക്കാകും. നന്മയുടെ വസന്തം നിറയ്ക്കാൻ കുഞ്ഞു ചിന്തകൾക്ക് കഴിയും. നമ്മുടെ വിദ്യാലയത്തിലെ കുട്ടകാരുടെ ഭാവന വിവിധ നിറഭേദങ്ങളായി 'Digi Tales' നിങ്ങളുടെ മുന്നിലേക്ക് എത്തിക്കുന്നു. ഈ നാൾവഴിയിൽ കൂടെനിന്നവർക്കും ആശയങ്ങൾ പകർന്നവർക്കും ഹൃദയം നിറഞ്ഞ നന്ദി.



ABUL S V
KITE Master



SREEJA NATH C G
KITE Mistress